'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എം.എസ്. രവിയ്ക്കെതിരെ തുടർനടപടികൾ ആരംഭിക്കുന്നതിന് തീരുമാനമെടുത്തും, എൽ.ഡി. ക്ലാർക്ക് ശ്രീമതി. രഞ്ചിതയ്ക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1383/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 05/07/2019**

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 26.10.2017-ലെ ഇ7(പി.ഇ.5/16/കെറ്റിഎം)നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 23.02.2018-ലെ വിജി.ഡി3/440/2017-വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 04.06.2018-ലെ 72/ഇപിബി2/2018/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീമതി. രഞ്ചിത, ശ്രീ. എം.എസ്. രവി എന്നിവരുടെ യഥാക്രമം 28.08.2018, 05.09.2018 തീയതികളിലെ പ്രതിവാദ പത്രികകൾ

5 പഞ്ചായത്ത് ഡയറക്ടറുടെ 05.11.2018-ലെ PAN 20151/2018-D 5(DP) നമ്പർ കത്ത്

## ഉത്തരവ്

ബഹു. കോട്ടയം എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിൽ സത്വരാന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

ശ്രീ. റെജി കെ. ജോർജ്ജ് എന്നയാൾ കാഞ്ഞിരപ്പള്ളി വില്ലേജിലെ 5-ാം വാർഡിലെ ടിയാന്റെ ഭൂമിയോട് ചേർന്നുള്ള തോട് പുറമ്പോക്ക് അനധികൃതമായി കൈയ്യേറി നിർമ്മാണപ്രവർത്തനം നടത്തുന്നതായി കാണപ്പെട്ടത് സംബന്ധിച്ച് 17.06.2015 തീയതിയിൽ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ശ്രീ. ഫസിലി പി.എസ്. എന്നവർ പരാതി നൽകിയിരുന്നു. ടി പരാതിയിന്മേൽ 18.06.2015, 10.07.2015, 01.01.2016, 16.03.2016 തീയതികളിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്റ്റോപ്പ് മെമ്മോകൾ നൽകിയിട്ടുണ്ടെങ്കിലും ടി അനധികൃത കൈയ്യേറ്റം നടന്നിട്ടുണ്ടോയെന്ന് കണ്ടെത്തുന്നതിന് താലൂക്ക് സർവ്വേയറുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചത് 15.03.2016 തീയതിയിൽ മാത്രമാണെന്നും, ഇക്കാര്യത്തിൽ പരാതി ലഭിച്ച് 9 മാസത്തെ കാലതാമസം വന്നിട്ടുണ്ടെന്നും പ്രസ്തുത വീഴ്ചയ്ക്ക് കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും, എൽ.ഡി. ക്ലാർക്കും ഉത്തരവാദികളാണെന്നും കണ്ടെത്തിയിട്ടുണ്ട്.

വിജിലൻസ് കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വീഴ്ചകൾക്കുത്തരവാദികളായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എം.എസ്. രവി, എൽ.ഡി. ക്ലാർക്ക് ശ്രീമതി. രഞ്ജിത എന്നിവർക്കെതിരെ പരാമർശം ( 3 ) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീ. എം.എസ്. രവി, ശ്രീമതി. രഞ്ജിത എന്നിവർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം ( 5 ) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീ. റെജി കെ. ജോർജ്ജ് എന്നയാൾ പുറമ്പോക്ക് കയ്യേറി നിർമ്മാണ പ്രവർത്തനം നടത്തുന്നത് സംബന്ധിച്ച് ശ്രീ. ഫസിലി പി.എസ്, തുണ്ടത്തിൽ, ആനക്കല്ല് പി.ഒ. എന്നയാൾ പഞ്ചായത്തിനു നൽകിയ പരാതിയിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 4 തവണ സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതാണെന്നും എന്നാൽ അനധികൃത കയ്യേറ്റം നടന്നിട്ടുണ്ടോ എന്ന് കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചത് 15.03.2016-ൽ മാത്രമാണെന്നും താലൂക്ക് സർവ്വേയറുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിന് 9 മാസത്തെ കാലതാമസമുണ്ടായിയെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരാതി വസ്തുവിലെ നിർമ്മാണം പുറമ്പോക്ക് ഭൂമിയിലാണ് എന്ന് സംശയിച്ച് കാഞ്ഞിരപ്പള്ളി വില്ലേജ് ഓഫീസർ നിരോധന ഉത്തരവ് നൽകുകയും ടി ഉത്തരവിന്റെ പകർപ്പ് സഹിതം കാഞ്ഞിരപ്പള്ളി അഡീഷണൽ തഹസീൽദാർ 27.07.2015 ൽ എച്ച് 4-7138/15/KDS നമ്പരായി കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകുകയുണ്ടായിയെന്നും തോട്ടുപുറമ്പോക്ക് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമാകയാൽ പഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കണമെന്ന് പ്രസ്തുത കത്തിൽ നിർദ്ദേശിച്ചിരുന്നുവെന്നും ടി കത്ത് 28.07.2015-ൽ 6384/15-[illegible] നമ്പരായി എ8 സെക്ഷൻ ക്ലാർക്കായ രഞ്ജിത കൈപ്പറ്റിയിട്ടുള്ളതാണെന്നും എന്നാൽ ഫയൽ പരിശോധിച്ചതിൽ ടി കത്തിന്മേലുള്ള തുടർനടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തോട് പുറമ്പോക്ക് കയ്യേറ്റം സംബന്ധിച്ച് പഞ്ചായത്ത് നടപടികൾ സ്വീകരിക്കണമെന്ന് റവന്യൂ വകുപ്പ് വ്യക്തമാക്കിയ സാഹചര്യത്തിൽ സെക്രട്ടറി പ്രത്യേക ശ്രദ്ധ ചെലുത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ പുരോഗതി ഉറപ്പ് വരുത്തേണ്ടതുമായിരുന്നുവെന്നും എന്നാൽ ആയതിന്മേൽ സെക്രട്ടറി വേണ്ടത്ര ശ്രദ്ധ ചെലുത്തിയതായി കാണുന്നില്ലെന്നും, കൈയ്യേറ്റം നടന്നിട്ടുണ്ടോ എന്ന് കണ്ടെത്തുന്നതിന് താലൂക്ക് സർവ്വേയറുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിന് 9 മാസത്തോളം സമയമെടുത്തത് ജോലിത്തിരക്കിനിടയിൽ അറിയാതെ സംഭവിച്ചുപോയ വീഴ്ചയാണ് എന്നുള്ള സെക്രട്ടറിയുടെ വാദം അംഗീകരിക്കാവുന്നതല്ലെന്നും സെക്ഷനിൽ ലഭിച്ച തപാലിൽ തുടർനടപടിക്രമങ്ങൾ തുടങ്ങാൻ 9 മാസത്തോളം എടുത്തത് തന്റെ ചുരുങ്ങിയ കാലയളവിലെ പരിചയക്കുറവ് മൂലമാണെന്നുമുള്ള സെക്ഷൻ ക്ലർക്കിന്റെ വാദവും നിലനിൽക്കുന്നതല്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും ശ്രീ. എം.എസ്. രവി, ശ്രീമതി. രഞ്ജിത എന്നിവർക്കെതിരായ ആരോപണങ്ങൾ നിലനിൽക്കുന്നതായി കാണുന്നു. ഈ സാഹചര്യത്തിൽ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ എൽ.ഡി. ക്ലാർക്ക് ശ്രീമതി. രഞ്ജിതയ്ക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി ടിയാരിയുടെ രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ രണ്ട് വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കിയും, ശ്രീ. എം. എസ്. രവി 31.12.2018-ൽ സേവനത്തിൽ നിന്നും വിരമിച്ചുവെങ്കിലും ടിയാനെതിരായ അച്ചടക്ക നടപടി അരംഭിച്ചിരിക്കുന്നത് ടിയാൻ സേവനത്തിൽ ഉണ്ടായിരുന്നപ്പോഴാണ് എന്നതിനാൽ ശ്രീ.

**File No.LSGD-EPB2/72/2018-LSGD**

എം.എസ്. രവി സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ ടിയാനെതിരെ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരം നടപടി ആരംഭിക്കുന്നതിനും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ശ്രീ. എം.എസ്. രവി, മുൻ സെക്രട്ടറി, കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. ശ്രീമതി. രഞ്ചിത, എൽ.ഡി. ക്ലാർക്ക്, കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
7. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
8. വിജിലൻസ് (ഡി) വകുപ്പ് (യു.ഒ. റിമാർക്സ് നം.ഡി3/887/2018/വിജി. തീയതി 24.01.2019 പ്രകാരം)
9. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി2/72/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ